പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*299

08.11.2019-ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. കെ.യു. ജനിഷ് കുമാർ<br>ശ്രീ.എം. മുകേഷ് | ഡോ.കെ.ടി. ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എഴുപത്തിയെട്ട് ശതമാനത്തിലും വിജയശതമാനം നാൽപ്പതിൽ താഴെയായിരുന്നതും അവയിൽ രണ്ടെണ്ണത്തിൽ ഒരാൾ പോലും ജയിച്ചില്ലെന്നതും പത്ത് എണ്ണത്തിൽ പത്ത് ശതമാനത്തിൽ താഴെയായിരുന്നു വിജയം എന്നതും സ്വാശ്രയ മേഖലയിലെ നിലവാരത്തകർച്ചയുടെ സൂചകമായതിനാൽ വിദ്യാർത്ഥികളുടെ ഭാവിയെക്കരുതി ഈ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന് നടത്താൻ കഴിയുന്ന ഇടപെടലുകൾ എന്തെല്ലാമെന്നറിയിക്കാമോ; | (എ) | ഓരോ വർഷവും എ.ഐ.സി.റ്റി.ഇ പുറത്തിറക്കുന്ന Approval Process Handbook -ലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കോളേജുകൾക്ക് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല അഫിലിയേഷൻ നൽകുന്നത്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുമ്പായി കോളേജുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടു തവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. രാജ്യത്തെ ഒന്നാംനിര സാങ്കേതിക വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ വിദഗ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.റ്റി.ഇ യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും - അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 ആക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമിക്കുന്ന അദ്ധ്യാപകരിൽ 20% മാത്രമേ കരാർ അല്ലെങ്കിൽ താൽക്കാലിക നിയമനം പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല നടത്തി വരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് |

| | | | |
|---|---|---|---|
| | | | വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ അസാപ്പിന്റെ സഹായത്തോടു കൂടി ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകി പാഠ്യ പ്രക്രിയയുടെ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ സ്വയം സംരംഭകത്വ പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യം നൽകാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി, എ.ഐ.സി.ടി.യുടെ മാതൃക കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. |
| (ബി) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക ഓഡിറ്റ് നടത്താൻ പദ്ധതിയുണ്ടോ; ഇതിൽ എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കപ്പെടുന്നതെന്ന് അറിയിക്കുമോ; | (ബി) | സർവകലാശാലയുടെ കീഴിലുള്ള 142 എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക് ഓഡിറ്റിനായി പത്തുവർഷത്തിലധികം അദ്ധ്യാപന പരിചയം ഉള്ള 116 അദ്ധ്യാപകരെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായാണ് ഓഡിറ്റിങ് നടക്കുന്നത്. ഈ കഴിഞ്ഞ ബി.ടെക് പരീക്ഷയിൽ നാൽപതു ശതമാനത്തിൽ താഴെ മാത്രം വിജയ ശതമാനം ലഭിച്ചതും കഴിഞ്ഞ മൂന്ന് വർഷക്കാലം വിദ്യാർത്ഥി പ്രവേശനത്തിൽ ഗണ്യമായ കുറവുള്ളതുമായ 37 കോളേജുകളിലെ ഒന്നാം ഘട്ട ഓഡിറ്റിങ്ങിൽ അദ്ധ്യപകരുടെ രണ്ടംഗ സംഘമാണ് ഓഡിറ്റിങ് നടത്തുന്നത്. മറ്റ് കോളേജുകളിലെ രണ്ടാം ഘട്ട ഓഡിറ്റിങ്ങിന് ഓരോ അദ്ധ്യാപകരെ നിയമിക്കും.<br>എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അദ്ധ്യാപക ലഭ്യത, അദ്ധ്യാപക |

| | | | |
|---|---|---|---|
| | | | യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അധ്യയന വർഷങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ, ഇന്റേർണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും, വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി ഇന്റർനെറ്റ് സംവിധാനങ്ങൾ, കോളേജിന്റെ അക്കാഡമികവും ഭരണപരവുമായ നേതൃത്വം, പഠന അന്തരീക്ഷം, അച്ചടക്കം, പരാതി പരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത നവീന പാഠ്യ രീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക. വരും വർഷം മുതൽ അക്കാഡമിക് ഓഡിറ്റിംഗിലെ കോളേജുകളുടെ നിലവാരവും റാങ്കിങ്ങും സ്ഥാപനത്തിന്റെ അഫിലിയേഷനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നത് സർവകലാശാലയുടെ പരിഗണനയിലുണ്ട്. |
| (സി) | ഈ വർഷവും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ | (സി) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് അഡ്മിഷൻ രീതി പഠന വിധേയമാക്കി |

| | | | |
|---|---|---|---|
| | പകുതിയോളം സീറ്റുകളിൽ വിദ്യാർത്ഥികൾ പ്രവേശനം തേടിയില്ലെന്ന സാഹചര്യത്തിൽ നിലവാരത്തകർച്ചയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രവേശന നടപടികളെക്കുറിച്ച് സമഗ്ര അവലോകനം നടത്താൻ നിയമിച്ച കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | | ഡോ. ആർ വി.ജി. മേനോന്റെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. നിലവാരത്തകർച്ചയെ കുറിച്ച് പഠനം നടത്താൻ ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ